ഡയറ്റ് ലക്ചറർ തസ്തികയിലെ ബൈട്രാൻസ്ഫർ നിയമനത്തിന് ബിരുദാനന്തര ബിരുദം, എം.എഡ്. ഡിഗ്രി, മൂന്ന് വർഷത്തെ തുടർച്ചയായ അദ്ധ്യാപന പരിചയം എന്നിവയാണ് യോഗ്യതയായി നിഷ്കർഷിച്ചിരിക്കുന്നത്. നേരിട്ടുള്ള നിയമനത്തിന് ബിരുദാനന്തര ബിരുദം, എം.എഡ്. ഡിഗ്രി, കൂടാതെ റ്റെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ ബന്ധപ്പെട്ട വിഷയത്തിലോ എഡ്യൂക്കേഷനിലോ ഉള്ള പി.എച്ച്.ഡി. ഇവയിലേതെങ്കിലും ഒരു യോഗ്യതയും വേണ്ടതാണ്. ടിടി.ഐ.-കളിലെ പ്രിൻസിപ്പാൾമാരായി ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരും അദ്ധ്യാപകരായി എച്ച്.എസ്.ടി.-മാരും ആണ് നിലവിൽ ജോലി നോക്കിവരുന്നത്. ആയതിനാൽ എച്ച്.എസ്.ടി.-മാരുടെ യോഗ്യതകൾ തന്നെയാണ് ടി.ടി.ഐ. അദ്ധ്യാപകർക്കും നിലവിൽ ബാധകമാക്കിയിരിക്കുന്നത്.

ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗിലെ നിയമനം

239(2595) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗിൽ ലക്ചറർ തസ്തികയിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; എങ്കിൽ ആയത് പി.എസ്.സി.-ക്ക് കൈമാറി അടിയന്തര നിയമന നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉണ്ട്. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25-3-2021-ലെ OA No.702/2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം ഡയറ്റിലെ 89 ലക്ചറർ തസ്തികയിലെ ഒഴിവുകൾ പിഎസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സ്റ്റേ ചെയ്തിരിക്കുകയാണ്. ആയതിൻമേൽ തുടർ നടപടി സ്വീകരിച്ച് വരികയാണ്.

അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം

240(2596) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ പി.എസ്.സി.-യുടെ അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് സ്കൂളുകളിൽ നിയമനം ലഭിക്കാത്ത സാഹചര്യം ഉണ്ടോ; വ്യക്തമാക്കുമോ;

(ബി) മുൻപ് അഡ്വൈസ് ലഭിച്ചിരുന്നവർക്കും ഇപ്പോൾ പുതുതായി അഡ്വൈസ് ലഭിച്ചവർക്കും നിയമനം നൽകാൻ അനുമതി നൽകി വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് ഇറക്കുകയുണ്ടായോ;

&

LIBRARY ARCHIVES Kerala Legislative Assembly